COCHIN LEGISLATIVE COUNCIL PROCEEDINGS

OFFICIAL REPORT OF THE BUDGET SESSION, 1122

Thursday, *the* $\frac{\textit{31st July 1947}}{\textit{15th Karkadagam 1122}}$

The Council met in the Council Hall, Ernakulam, at Half-past eleven of the clock with the Hon'ble President (Mr. L. M. Pylee, M. A. B.L.) in the chair.

Messrs. K. H. Sulaiman, K. Kochukuttan, A. Eachara Menon, S. P. Luiz, M. Sivarama-Menon, Rao Bahudur T. S. Narayana Ayyar and Mrs. Dakshayani Velayudhan were absent.

I. QUESTIONS AND ANSWERS

DISPUTE BETWEEN EMPLOYEES AND EMPLOYERS—COCHIN HARBOUR

52. Mrs. T. Francis *(Ernakulam-Women):* Will Government be pleased to state:—

what action they have taken to bring about a peaceful settlement of the dispute between the Cochin Harbour employees who have struck work and their employers?

Mr. P. Govinda Menon *(Minister for Food and Education):* A joint conference of the representatives of the strike Committee, the Harbour Administration, the Minister for Food and Education, the Labour M.L.C. and the Diwan was held at the Diwan's House to negotiate the various demands of the employees and they arrived at a settlement.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: ഈ various demands എന്നു പറയുന്നതു് ഏതെല്ലാമാണെന്നു പറയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മുഴുവൻ പറയണമെങ്കിൽ നോട്ടീസ്സു വേണം.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: അതിൽ പ്രധാനമായിട്ടുള്ളതു് എന്താണെന്നു പറയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇൻഡ്യാഗവൺമെണ്ടിന്റെ പെയ്റിവിഷൻ കമ്മിറ്റി നടപ്പിൽ വരുത്തിയ ശമ്പളത്തോതു് അവിടത്തെ തൊഴിലാളികൾക്കും ബാധകമാക്കണമെന്നുള്ളതായിരുന്നു ഏറ്റവും പ്രധാനമായതു്.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: അപ്രകാരം കൊടുക്കാമെന്നു സമ്മതിച്ചുവോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉവ്വു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഈ കൂടിയാലോചനയുടെ ഫലമായി എന്തെല്ലാം തീരുമാനമാണുണ്ടായതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പ്രധാനമായി ഇതാണു്. ഡീറെയിൽസു വേണമെന്നുണ്ടെങ്കിൽ നോട്ടീസ്സുവേണം.

മിസ്സിസ്സ് ഫ്രാൻസിസ്സ്: പിരിച്ചുവിട്ട എല്ലാവരേയുംതന്നെ വീണ്ടും ജോലിക്കെടുത്തുവോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഈ തീരുമാനങ്ങൾ ഹാർബർ അഡ്മിനിസ്ട്രേറ്റീവു് ഓഫീസർ അനുവദിക്കുകയുണ്ടായോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഡിമാൻഡുകൾ മുഴുവൻ അനുവദിച്ചില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: എത്രകണ്ടു് അനുവദിച്ചു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസ്സുവേണം.

മിസ്റ്റർ ജോസ് കെ. വട്ടിസ്സ്: വല്ലതും അനുവദിച്ചുവോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉവ്വു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: എന്റെ അനേഷണത്തിൽ അറിയുന്നതു് ഹാർബർ അധികാരികൾ പോട്ടാക്കുന്ന വിരോധമായിട്ടു പ്രവർത്തിക്കുന്നുണ്ടെന്നാണു്. അതിൽ വല്ല വാസ്തവവുമുണ്ടോ?

[C.C.IV—1

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെയല്ല. ഇൻഡ്യാഗവമ്മെണ്ടിന്റെ പെയ് റിവിഷൻ കമ്മിറ്റിയുടെ പ്രൊപ്പോസൽസ്സ് സ്വീകരിക്കാമെന്നാണ് പറഞ്ഞതു്.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: അതുപ്രകാരമുള്ള കൂലി അവിടെ കൊടുക്കാതിരിക്കുന്നുണ്ടെന്നു ഗവമ്മെണ്ടിന്നറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസ്സുവേണം.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: ഹാർബർ അതോറിട്ടീസ്സുമായുണ്ടായ വ്യവസ്ഥ ഹാർബർ അധികാരികൾ ലംഘിച്ചു എന്നു പരാതിയുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉണ്ടു്.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: അതിനു ഗവമ്മെണ്ടിൽനിന്നു വല്ല നടപടിയും എടുത്തുവോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവമ്മെണ്ടു് അതിനെക്കുറിച്ചു അന്വേഷിച്ചു വരുന്നു.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: പിരിച്ചുവിട്ട Labour Leaders-നെ രണ്ടാമതും പണിക്കെടുത്തുവൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അന്നു Labour Leaders-നെ ആരേയും പിരിച്ചു വിട്ടിരുന്നില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: പിരിച്ചയച്ച എല്ലാവരേയും തിരിച്ചു ജോലിക്കെടുത്തുവോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സ്ട്രൈക്കു പിൻവലിച്ചു തൊഴിലാളികളെ പണിക്കെടുത്തു. പക്ഷെ, ചില ആളുകളുടെ പേരിൽ അവർ ഡിസിപ്ലിനറി നടപടികൾ എടുത്തു.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: സ്ട്രൈക്കുചെയ്ത ദിവസങ്ങൾക്കു് അവർക്കു വല്ല കൂലിയും കിട്ടണമെന്നു് അവർ ആവശ്യപ്പെട്ടിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സ്ട്രൈക്കുകാലത്തേക്കുള്ള കൂലി കൊടുത്തിട്ടില്ല.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: ഒത്തുതീർപ്പു വ്യവസ്ഥയിൽ തൊഴിലാളികളെ പിരിച്ചു വിടുന്നതു് ലേബർ കമ്മീഷണരുടേയും, കൺസിലിയേഷൻ ആപ്പീസ്സരുടേയും ഈ പാർശ പ്രകാരമായിരിക്കണമെന്നു വ്യവസ്ഥയുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ ഒരു വ്യവസ്ഥയുണ്ടായതായി മാക്കുന്നില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: സ്ട്രൈക്കുചെയ്ത ദിവസത്തേക്കും അവർക്കുശമ്പളം ശരിയായികൊടുക്കണമെന്നുള്ളതിനെ അനുകൂലിച്ചു തൊഴിലാളിമന്ത്രി ചില ടെക്സ്റ്റൈൽസ് അധികൃതന്മാർക്കു് നോട്ടീസ് കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സ്ട്രൈക്കുകാലത്തു് കൂലികൊടുക്കണമോ വേണ്ടയോ എന്നുള്ളതു് ഓരോരോ കേസുകളിലും അതാതിന്റെ ഗുണദോഷങ്ങളനുസരിച്ചാണ് നില്ക്കുന്നതു്.

മിസിസ്സ് ടി. ഫ്രാൻസിസ്സ്: സ്ട്രൈക്കുകാലത്തു് കൂലികിട്ടണമെന്നുള്ളതു് തൊഴിലാളികളുടെ അവകാശമാണു് എന്നരീതിയിലല്ലെ ഇപ്പോഴും നടന്നുവരുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ചിലപ്പോഴെല്ലാം അവകാശമുണ്ടാകും; ചിലപ്പോഴെല്ലാം ഉണ്ടാകയില്ല.

മിസിസ്സ് ടി. ഫ്രാൻസിസ്സ്: ഉടനെ കുറെ തൊഴിലാളികളെ ഹാർബറിൽനിന്നു പിരിച്ചുവിടുമെന്നതോന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസിസ്സ് കെ. എം. ജോർ. മേനോൻ: അവിടെ സ്ത്രീകളുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ചില സ്ത്രീകളെ അവിടെ കാണുകയുണ്ടായി.

മിസ്റ്റർ പി. നാരായണമേനോൻ: ഒത്തുതീർപ്പിലെ വ്യവസ്ഥകൾ ഹാർബർ അധികാരികൾ ലംഘിച്ചു എന്നുള്ള ആക്ഷേപം എന്നാണു് ഗവമ്മെണ്ടിനുകിട്ടിയതു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇന്നലെ കാലത്താണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഹാർബർ തൊഴിലാളിയൂണിയൻ സിക്രട്ടറിയും പ്രസിഡണ്ടും ആ തൊഴിലാളികളിൽപെട്ട ആളുകളാണൊ?

മിസ്റ്റർ പറമ്പിലോനപ്പൻ: സിക്രട്ടറി തൊഴിലാളികളിൽപെട്ട ആളാണ്. പ്രസിഡണ്ട് തൊഴിലാളിയല്ല.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ഹാർബർ തൊഴിൽതർക്കങ്ങളും ഇവിടത്തെ നിലവിലുള്ള നിയമനടപടികളും അവസാനിപ്പിക്കുവാൻ ഗവമ്മെണ്ടിന്നു അധികാരമുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കൊച്ചിയിലെ നിയമമാണ് അവിടെ നടപ്പിലുള്ളതു്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: അങ്ങിനെയാണെങ്കിൽ ഇൻഡ്യാഗവമ്മെണ്ടിന്റെ പെയ്മെന്റ് ഓഫ് വേജസ് ആക്ടനുസരിച്ചുള്ള ശമ്പളമാണ് അവർക്കുകൊടുക്കുവാൻ സമ്മതിച്ചിട്ടുള്ളതെന്നുപറയുന്നതു് എന്തുകൊണ്ടാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഒരു മാനദണ്ഡമായിട്ടു ഇൻഡ്യാഗവമ്മെണ്ടിന്റെ പെയ്മെന്റ് ഓഫ് വേജസ് ആക്ട് എടുത്തുവെന്നേയുള്ളു.

മിസ്റ്റർ പി. കെ. ഡീവർ: അവരുടെ എമ്പ്ലോയർ ഇൻഡ്യാഗവമ്മെണ്ടല്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പോർട്ടാണ് അവരുടെ എമ്പ്ലോയർ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഹാർബർ തൊഴിലാളിയൂണിയന്റെ പ്രസിഡണ്ട് എതുരാഷ്ട്രീയകക്ഷിയിൽപെട്ട ആളാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവമ്മെണ്ടിന്നു അറിവില്ല.

മിസിസ്സ് ടി. ഫ്രാൻസിസ്സ്: ഇൻഡ്യാഗവമ്മെണ്ടിന്റെ മറുപോർട്ടുകളിൽ കൊടുക്കുന്ന കൂലിനിരക്കു ഇവിടെയും ബാധകമാകുമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ബാധകമാകുമെന്നാണു് ഹാർബർ അധികാരികൾ പറഞ്ഞതു്.

മിസ്റ്റർ പി. എ. മുഹമ്മദ് അഹ്മദ്: ഈ ഗവമ്മെണ്ടിന്റെ കല്പനകളും മറ്റും അവർ അനുസരിക്കുന്നുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അനുസരിക്കുന്നില്ലെന്നു പറഞ്ഞാൽ അനുസരിക്കുന്നുണ്ടൊ എന്നുനോക്കാം.

മിസ്റ്റർ പി. എ. മുഹമ്മദ് അഹ്മദ്: ഉദാഹരണമായി മഹാരാജാവുതിരുമനസ്സിലെ തിരുനാൾദിവസം ഇവിടെ പൊതു ഒഴിവുദിവസമാണ്. അതവിടെ കൊടുക്കുന്നുണ്ടൊ?

Mr. President: It does not arise.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: യൂണിയന്റെ പ്രസിഡണ്ട് ഏതുരാഷ്ട്രീയ കക്ഷിയിൽപെട്ട ആളാണെന്നുചോദിച്ചതിന്നു ഗവമ്മെണ്ടിന്നു അറിവില്ല എന്നുപറഞ്ഞു. ആരാണ് ഈ പ്രസിഡണ്ടു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എം. ബി. കെ. മേനോൻ.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഗവമ്മെണ്ടിന്നറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എനിക്കറിയാം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അദ്ദേഹം ഏതു രാഷ്ട്രീയകക്ഷിയിൽപെട്ട ആളാണെന്നു അറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇന്നു ഒരു കക്ഷിയിലായിരുന്ന ആൾ നാളെ വേറെ ഒരു കക്ഷിയിലായിരിക്കും. (ചിരി) അതുകൊണ്ടു് ഇന്ന കക്ഷിയിൽപെട്ട ആളാണെന്നു പറയുവാൻ കുറച്ചു ബുദ്ധിമുട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഞാൻ ചോദിച്ചതു കസത്തിന്നുവേണ്ടിയല്ല, ചോദിച്ചതു മന്ത്രി അറിയുന്നകാലത്തു് അദ്ദേഹം ഏതെങ്കിലും രാഷ്ട്രീയ കക്ഷിയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു കക്ഷിയിലാണു എന്നാണു് അറിയേണ്ടതു്. പിന്നിട കക്ഷിമാറിയിട്ടുണ്ടൊ എന്ന ചോദ്യം അതിലില്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: മന്ത്രി അറിയുന്ന കാലത്തു ഏതു രാഷ്ട്രീയ കക്ഷിയായിരുന്നു എന്നു അറിഞ്ഞുകൂടെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അറിഞ്ഞുകൂടാ.

EXCISE OFFICERS—T P 3 FORMS

53. Mr. Paramel Ipe Ipe (*Kunnamkulam*): Will Government be plesed to state.—whether tne Excise Officers are insisting on the production of old counterfoils used T P 3 forms used last year for issuing new T P 3 forms for the use during this season?

Rao Bahadur T. K. Nayar (*Minister for Public Health*): Yes.

മിസ്റ്റർ പാറമേൽ ഐപ്പ് ഐപ്പ്: കൌണ്ടർ ഫായൽ മടക്കി കൊടുക്കണമെന്ന നിർബ്ബന്ധം ഇല്ലാതാക്കുവാൻ വിരോധമുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: കുറച്ചു ബുദ്ധിമുട്ടുണ്ടെന്നാണു കമ്മീഷണർ പറയുന്നതു. ഇഷ്യു ചെയ്യിട്ടുള്ളതു മുഴവൻ വെരിഫൈ ചെയ്യണം. വല്ലകാരണവശാലും Counterfoil ഹാജരാക്കാതെയിരുന്നാൽ അതിനു ന്യായമായ സമാധാനം കൊടുക്കണമെന്നാണു അദ്ദേഹത്തിന്റെ റിപ്പോർട്ട്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: പുതിയതു കൊടുക്കണമെങ്കിൽ പഴയതു കാണിച്ചു കൊടുക്കണമെന്നുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: പഴയതു കൊടുക്കണം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അതു സൂക്ഷിച്ചു വെക്കണമെന്നാണൊ ഗവണ്മെണ്ടിന്റെ നിശ്ചയം?

റാവു ബഹദൂർ ടി. കെ. നായർ: സൂക്ഷിച്ചുവെക്കണം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: T P 3 ഫാറം വാങ്ങിച്ചു ഉപയോഗം കഴിഞ്ഞാൽ കളഞ്ഞുകൂടേ?

റാവു ബഹദൂർ ടി. കെ. നായർ: പാടില്ല.

മിസ്റ്റർ പാറമേൽ ഐപ്പ് ഐപ്പ്: T P 3 ഫാറം വാങ്ങിച്ചു അതു ഉപയോഗിക്കാതിരുന്നാൽ വേറെ ഫാറം വാങ്ങിക്കണമെന്നുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: വേറെ പുസ്തകം കൊടുക്കും.

മിസ്റ്റർ പാറമേൽ ഐപ്പ് ഐപ്പ്: പുസ്തകമായിട്ടുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: T P 3 ഫാറം പുസ്തകമായിട്ടും ഉണ്ടു.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഇതിന്റെ വ്യാപ്തിയെന്താണു?

റാവു ബഹദൂർ ടി. കെ. നായർ: അടക്കാ വ്യാപാരത്തിനുള്ളതാണു.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: സ്റ്റോറിൽതന്നെ നടത്തുന്ന വ്യാപാരത്തിനു ഇതു വേണ്ടെന്നുവെക്കുവാൻ പാടില്ലേ?

റാവു ബഹദൂർ ടി. കെ. നായർ: സ്റ്റോറിൽ നടത്തുന്ന വ്യാപാരത്തിനും ഫാറം അത്യാവശ്യമാണു.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: രാജ്യത്തിന്റെ അതൃത്തിപ്രദേശങ്ങളിൽ നടത്തുന്ന വ്യാപാരത്തിനല്ലേ ഇതു ആവശ്യം? അതൃത്തിപ്രദേശമല്ലാത്ത ഉൾപ്രദേശങ്ങളിലെ വ്യാപാരത്തിനു ഈ ഫാറം വേണോ?

റാവു ബഹദൂർ ടി. കെ. നായർ: രണ്ടിനുമുണ്ടു.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: സ്റ്റോറിൽ ഈ ബുദ്ധിമുട്ട് കൂടാതെ കഴിക്കുവാൻ പാടില്ലേ?

റാവു ബഹദൂർ ടി. കെ. നായർ: ചില വളകൂപ്രകാരമാണു ഇതൊക്കെ നടപ്പിൽ വരുത്തിയിരിക്കുന്നതു. അതു വേണ്ടെന്നു വെച്ചുകൂടെ എന്നു ചോദിച്ചാൽ മറുപടി പറയുവാനുള്ളതു ആ നിയമം മാറ്റണമെന്നാണു.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അതിനെന്താണു പണി?

റാവു ബഹദൂർ ടി. കെ. നായർ: അതു മാറ്റേണ്ട ആവശ്യം നേരിട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly